24

"ഭരണഭാഷ - മാതൃഭാഷ"

# കേരള ഡെന്റൽ കൗൺസിൽ

www.dentalcouncil.kerala.gov.in registrar.kdc@kerala.gov.in

## അനധികൃതമായി ഡെന്റൽ കോഴ്സുകൾ നടത്തുന്നവർക്കെതിരെ കർശന നടപടി

കേരളത്തിലെ കോർപ്പറേറ്റ് മേഖലയിൽ ഉൾപ്പെടെയുള്ള പല ക്ലിനിക്കുകളും വ്യക്തികളും ഡെന്റൽ സർജന്മാർക്കായി വിവിധ കോഴ്സുകൾ നടത്തുകയും ഫീസ് വാങ്ങി സർട്ടിഫിക്കറ്റുകൾ നൽകുകയും അതിനായി സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി എത്തിക്സിനു വിരുദ്ധമായി പരസ്യം ചെയ്യുകയും ചെയ്യുന്നുവെന്ന് ആരോപിച്ച് വിവിധ പരാതികൾ കൗൺസിലിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ, എല്ലാ ഡെന്റിസ്റ്റുമാരുടെയും അറിവിലേയ്ക്കായി ഇനി പറയുന്ന വിവരങ്ങൾ നൽകുന്നു:

ഡെന്റൽ സർജന്മാർക്ക് നൈപുണ്യ വികസനത്തിന് കോഴ്സുകളിൽ പങ്കെടുക്കേണ്ടത് അനിവാര്യമാണ്. എന്നാൽ അപ്രകാരം കോഴ്സുകൾ നടത്തുന്നത് അംഗീകൃത ഏജൻസികൾ ആണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. 2018-ലെ Continuing Dental Education Regulations-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള അംഗീകൃത ഏജൻസികൾക്കും സർക്കാർ-സ്വകാര്യ ഡെന്റൽ കോളേജുകൾക്കും മറ്റും മാത്രമാണ് അപ്രകാരം CDE പ്രോഗ്രാമുകൾ നടത്താനും സർട്ടിഫിക്കറ്റ് നൽകാനും അധികാരമുള്ളതെന്നും മേല്പറഞ്ഞവയൊഴികെയുള്ള ആരെങ്കിലും അപ്രകാരമുള്ള കോഴ്സ് നടത്തുകയോ ഫീസ് വാങ്ങി സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്യുന്നത് അനധികൃതവും എത്തിക്സിന് വിരുദ്ധവുമാണെന്നു കണ്ട് നടപടി കൈക്കൊള്ളേണ്ടതാണെന്ന് ഇന്ത്യൻ ഡെന്റൽ കൗൺസിൽ 17-11-2022-ലെ DE-130(ARPM-General)-2022/87 എന്ന പൊതു അറിയിപ്പിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ Dental Council of India-യുടെയോ സംസ്ഥാന ഡെന്റൽ കൗൺസിലുകളുടെയോ അംഗീകാരം ഇല്ലാതെ അപ്രകാരം കോഴ്സുകൾ നടത്തുകയോ ഫീസ് ഈടാക്കി സർട്ടിഫിക്കറ്റുകൾ നൽകുകയോ ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന് ഇതിനാൽ എല്ലാവരെയും അറിയിക്കുന്നു.

KERALA DENTAL COUNCIL

രജിസ്ട്രാർ

REGISTRAR
Kerala Dental Council
Ambalathumukku, Vanchiyoor
Thiruvananthapuram 695 035
Phone: 0471-2478759